പൊലീസിന് നേരെ വെടിവെയ്പ്പ്; രക്ഷപ്പെട്ട നാല് പ്രതികൾ കൂടി അറസ്റ്റിൽ; തോക്കുകൾ കണ്ടെടുത്തു

ഉപ്പള: ഉപ്പളയിലും മിയാപദവിലും വെടിവെച്ച് കർണ്ണാടകത്തിലേയ്ക്ക് രക്ഷപ്പെടുകയും പൊലീസ് തടയാൻ ശ്രമിച്ചപ്പോൾ വിട്ല എസ് ഐയ്ക്ക് നേരെ വെടിയുതിർക്കുകയും ചെയ്ത കേസിൽ നാലു പേരെ കൂടി അറസ്റ്റ് ചെയ്തു. മിയാപദവ് മൂടംബയലിലെ അബ്ദുൾ റഹ്മാൻ എന്ന റഹീം (25), മഹാരാഷ്ട്ര, ജലന്താവിലെ രാകേഷ്- കിഷോർ, ഭാവിസ്ക്കർ എന്ന റാഖി എന്ന റാഖിദായ് (27), കടമ്പാർ ഭട്ട്യപദവിലെ മുഹമ്മദ് ഫയാസ് എന്ന കൂവ ഫയാസ് (22), മംഗൽപ്പാടി, സോങ്കാലിലെ ഹൈദർ അലി എന്ന ഹൈദർ (20) എന്നിവരെയാണ് ബണ്ടാൾ ഡിവൈ എസ് പി വാലന്റൈൻ ഡിസൂസ, വിട്ല ഇൻസ്പെക്ടർ ടി ഡി നാഗരാജ്, എസ് ഐ വിനോദ് റെഡ്ഡി, എ എസ് ഐ കരുണാകര എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്തത്. പൊലീസുകാരായ പ്രസന്ന, ഹരീഷ്, പ്രതാപ്, വിനായക, ലോകേഷ്, ഹേമരാജ്, നസീർ, നാസീർ, പ്രവീൺ എന്നിവരും പൊലീസ് സംഘത്തിൽ ഉണ്ടായിരുന്നു.

അറസ്റ്റിലായ അക്രമി സംഘം കർണ്ണാടക പൊലീസിനൊപ്പം

കഴിഞ്ഞ മാസം 26ന് പുലർച്ചെ വിട്ല പൊലീസ് സ്റ്റേഷൻ പരിധിയിലെ സാലത്തൂർ, കൊടങ്കി ചെക്ക് പോസ്റ്റിലാണ് കേസിനാസ്പദമായ സംഭവം.

25ന് ഉച്ചകഴിഞ്ഞ് ഉപ്പള, ഹിദായത്ത് നഗറിൽ ആകാശത്തേയ്ക്ക് വെടിവെച്ച് പ്രകോപനം ഉണ്ടാക്കിയതോടെയാണ് സംഭവങ്ങൾക്ക് തുടക്കം. വിവരമറിഞ്ഞ് പൊലീസ് സ്ഥലത്തെത്തിയതോടെ കാറുകളുമായി അക്രമികൾ കടന്നുകളയാൻ ശ്രമിച്ചു. ഡിവൈ എസ് പി പി പി സദാനന്ദന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം പിന്തുടർന്നപ്പോൾ കാറുകളിൽ ഒന്ന് മിയാപദവിൽ ചെങ്കൽ ക്വാറിക്കു സമീപത്ത് ഉപേക്ഷിച്ചു. ഈ കാർ മറ്റൊരു വാഹനത്തിൽ കെട്ടിവലിച്ചുകൊണ്ടുപോകുന്നതിനിടയിൽ അക്രമി സംഘം പൊലീസിന് നേരെ വെടിയുതിർത്തു. സ്ക്വാഡ് അംഗം എസ് ഐ സി കെ ഭാസ്ക്കരൻ അടക്കം രണ്ടു പേർക്ക് വെടിയേൽക്കുകയും പൊലീസ് വാഹനത്തിന് കേടുപാടു സംഭവിക്കുകയുമായിരുന്നു. വിവരമറിഞ്ഞ് കൂടുതൽ പൊലീസ് സ്ഥലത്തെത്തി അക്രമികൾക്കായി വ്യാപകമായി തെരച്ചിൽ നടത്തിയതോടെ സംഘം കാറുകളിൽ കർണ്ണാടകയിലേയ്ക്ക് കടന്നു. വിവരം കർണ്ണാടക പൊലീസിനെ അറിയിച്ചു. തുടർന്ന് സാലത്തൂർ, കൊടങ്കില ചെക്ക് പോസ്റ്റിൽ വിട്ല എസ് ഐ വിനോദ് റെഡ്ഡിയുടെ നേതൃത്വത്തിൽ ജാഗ്രത പാലിക്കുന്നതിനിടയിലാണ് സംഘം സഞ്ചരിച്ചിരുന്ന കാർ എത്തിയത്. പൊലീസ് സംഘം കൈകാണിച്ചു നിർത്താൻ ശ്രമിച്ചപ്പോൾ എസ് ഐക്ക് നേരെ വെടി ഉതിർത്തു. അന്നു അക്രമികൾ സഞ്ചരിച്ച രണ്ടു കാറുകളിൽ ഒന്ന് പിടികൂടുകയും മൂന്നു പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

അറസ്റ്റിലായ മുഹമ്മദ് ഫയാസ്, ഹൈദരലി, രാകേഷ്, അബ്ദുൾ റഹിമാൻ

മംഗൽപാടി ബൈത്തിലയിലെ അബ്ദുൾ ലത്തീഫ് എന്ന ലത്തീഫ് (24), മിയാപദവ്, ബഞ്ജംങ്കളയിലെ മുഹമ്മദ് ഷാക്കിർ എന്ന ഷാക്കിർ (22), അഡുക്കത്ത ഗുരിയിലെ മുഹമ്മദ് അശ്വഖ് എന്ന അസ്ഫാഖ് (25) എന്നിവരെയാണ് കയ്യോടെ പിടികൂടിയത്. ഒരു കാർ, ഒരു പിസ്റ്റൾ, 13 തിരകൾ, കോടാലി, കത്തി തുടങ്ങിയ മാരകായുധങ്ങളും പിടികൂടിയിരുന്നു. അന്നു കാറുമായി രക്ഷപ്പെട്ട പ്രതികളാണ് ഇപ്പോൾ അറസ്റ്റിലായത്.

സംഘത്തിൽ നിന്ന് മൂന്നു പിസ്റ്റളുകളും ഒരു നാടൻ തോക്കും 13 തിരകളും കാറും കണ്ടെടുത്തതായി പൊലീസ് പറഞ്ഞു. ഇപ്പോൾ അറസ്റ്റിലായ കൂവ ഫയാസിനെതിരെ മഞ്ചേശ്വരം, കുമ്പള പൊലീസ് സ്റ്റേഷനുകളിലായി കഞ്ചാവ്, വധശ്രമം തുടങ്ങി 11 കേസുകൾ ഉള്ളതായി പൊലീസ് പറഞ്ഞു. മറ്റു പ്രതികൾക്കെതിരെയും ചിക്മംഗ്ളൂരു അടക്കമുള്ള പൊലീസ് സ്റ്റേഷനുകളിൽ കേസുകൾ ഉണ്ടെന്നും ഇതേ കുറിച്ച് അന്വേഷിച്ചു വരികയാണെന്നും പൊലീസ് പറഞ്ഞു.

പ്രതികളെ കസ്റ്റഡിയിൽ കിട്ടാൻ അപേക്ഷ നൽകുമെന്ന് കാസർകോട് പൊലീസ് അറിയിച്ചു.

കളഞ്ഞുപോയ സ്വർണ്ണം മണിക്കൂറുകൾക്കുള്ളിൽ തിരികെ ലഭിച്ചു; സഹായമായത് സാമൂഹ്യമാധ്യമ കൂട്ടായ്മ

നീലേശ്വരം രാജാസ് സ്കൂളിൽ സ്ത്രീകൾ മാത്രം നിയന്ത്രിക്കുന്ന പോളിംഗ് ബൂത്ത്

കുമ്പള: കളഞ്ഞു പോയ സ്വർണ്ണം സോഷ്യൽ മീഡിയയുടെ സഹായത്തോടെ ഉടമയ്ക്കു തിരികെ ലഭിച്ചു. ഉപ്പളയിൽ നിന്ന് കാസർകോട്ടേക്ക് ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന യുവതിയുടെ നാലുപവന്റെ സ്വർണ്ണവളയാണ് യാത്രാ മധ്യേ നഷ്ടമായത്. വിവരം യുവതി സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റു ചെയ്യുകയും ചെയ്തിരുന്നു. കുമ്പളയിലെ ഓട്ടോ ഡ്രൈവർ ഇബ്രാഹിമിനാണ് വള കളഞ്ഞു കിട്ടിയത്. ഓട്ടോ ഡ്രൈവർമാരുടെ ഗ്രൂപ്പായ കെ എൽ 14 ഓട്ടോ ഗ്രൂപ്പിൽ യുവതിയുടെ പോസ്റ്റ് വായിച്ച ഇബ്രാഹിം ഉടമസ്ഥയെ ഉടൻ ഫോണിൽ വിളിച്ച് കാര്യം അറിയിക്കുകയായിരുന്നു. പിന്നീട് വള കൈമാറുകയും ചെയ്തു.

ഉദുമയിലെ യു ഡി എഫ് സ്ഥാനാർത്ഥി ബാലകൃഷ്ണൻ പെരിയയും കുടുംബവും വോട്ടു ചെയ്തു പുറത്തിറങ്ങുന്നു

കാസർകോട്ടെ ഇടത് സ്ഥാനാർത്ഥി എം എ ലത്തീഫ് വോട്ട് രേഖപ്പെടുത്തുന്നു

കാർ മറിഞ്ഞ് തകർന്നു; രണ്ടുപേർക്ക് പരിക്ക്

കാഞ്ഞങ്ങാട്: കാർ നിയന്ത്രണം വിട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ രണ്ടുപേർക്ക് പരിക്ക്. കാർ പൂർണ്ണമായും തകർന്നു. കാഞ്ഞങ്ങാട് സൗത്തിലെ മദനൻ (25)മോഹനൻദാസ്(16) എന്നിവർക്കാണ് പരിക്കേറ്റത്.ഇന്നു പുലർച്ചെ കാഞ്ഞങ്ങാട് സൗത്തിൽ ആണ് അപകടം. കണ്ണൂർ വിമാനത്താവളത്തിൽ പോയി മടങ്ങുകയായിരുന്നു കാർ യാത്രക്കാർ.നിയന്ത്രണംവിട്ട കാർ ഡിവൈഡറിൽ ഇടിച്ച് സമീപത്തെ വൈദ്യുതി തൂണിൽ ഇടിച്ച ശേഷം പറമ്പിലേയ്ക്ക് ഓടിക്കയറുകയായിരുന്നു. ഫയർഫോഴ്സ് എത്തി ഹൈഡ്രോളിക് കട്ടിംഗ് മെഷീൻ ഉപയോഗിച്ച് കാറിന്റെ ഭാഗങ്ങൾ മുറിച്ചു മാറ്റിയാണ് അകത്തു കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തിയത്.

ഇന്നു പുലർച്ചെ കാഞ്ഞങ്ങാട് സൗത്തിലുണ്ടായ അപകടത്തിൽ തകർന്ന കാർ

ബഡാജെ പുച്ചത്തബയൽ വോട്ട് ചെയ്യാൻ എത്തിയ സെൽമയെ പ്രവർത്തകർ സഹായിക്കുന്നു.

മാന്യ ജ്ഞാനോദയ സ്കൂളിൽ വോട്ടർമാരുടെ നീണ്ട നിര.

മഞ്ചേശ്വരം നിയമസഭാ മണ്ഡലം എൽ ഡി എഫ് സ്ഥാനാർത്ഥി വി. വി. രമേശനും ഭാര്യ അനിതയും കാഞ്ഞങ്ങാട് സൗത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വോട്ട് രേഖപ്പെടുത്തിയപ്പോൾ.

തൃക്കരിപ്പൂരിലെ ഇടത് സ്ഥാനാർത്ഥി എം രാജഗോപാൽ വോട്ട് രേഖപ്പെടുത്തുന്നു

ഉദുമയിലെ ഇടത് സ്ഥാനാർത്ഥി സി എച്ച് കുഞ്ഞമ്പു അണങ്കൂർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തുന്നു

പൈവളികെ കന്യാല അംഗൻവാടി ബൂത്തിൽ വോട്ടിംഗ് യന്ത്രം തകരാറിലായതിനാൽ പ്രയാസത്തിലായ വോട്ടർമാർ

ബദിയഡുക്കയിൽ നാലിടത്ത് കവർച്ച; ജ്വല്ലറി വർക്സിൽ നിന്നു അരക്കിലോ വെള്ളിയും പണവും നഷ്ടപ്പെട്ടു

ബദിയഡുക്ക: ടൗണിലെ ജ്വല്ലറി വർക്സ്, മെഡിക്കൽ ഷോപ്പ് തുടങ്ങി നാലിടങ്ങളിൽ മോഷണം. ഇന്നലെ രാത്രിയാണ് സംഭവം. ബദിയഡുക്കയിലെ സതീശ് ആചാര്യയുടെ ഉടമസ്ഥതയിലുള്ള ശ്രീലക്ഷ്മി ജ്വല്ലറി വർക്സിൽ നിന്ന് അര കിലോ ഗ്രാം വെള്ളി, 2000 രൂപ, റേഷൻ കാർഡ്, ഐ ഡി കാർഡ് എന്നിവയും മറ്റു വിലപ്പെട്ട രേഖകളും കവർന്നു. ജ്ഞാനോദയ ഷേണായിയുടെ വളം വിൽപ്പന കടയിൽ നിന്ന് പണം കവർന്നു. അബൂബക്കറിന്റെ ബസ് സ്റ്റാന്റിന് സമീപത്തെ പെട്ടിക്കടയിൽ നിന്ന് 2000 രൂപയും സിഗരറ്റും നഷ്ടപ്പെട്ടു. നുള്ളിപ്പാടിയിലെ വേണുവിന്റെ മീത്തൽ ബസാറിലുള്ള ഫാമിലി മെഡിക്കൽസിൽ മോഷണ ശ്രമം നടന്നുവെങ്കിലും ഒന്നും നഷ്ടപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളുടെ ഷട്ടറിന്റെ പൂട്ട് തകർത്തായിരുന്നു മോഷണം. ടൗണിൽ പരക്കെ നടന്ന മോഷണം വ്യാപാരികളിൽ ആശങ്കയുയർത്തിയിട്ടുണ്ട്.

ബദിയഡുക്കയിൽ നടന്ന കവർച്ച നടന്ന കട പൊലീസ് പരിശോധിക്കുന്നു.

ബദിയഡുക്ക പൊലീസ് അന്വേഷിക്കുന്നു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4240
പവന്: 33920
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

ആദരിക്കലും അനുമോദനവും നടത്തി

പള്ളിക്കര : കേരള പൂരക്കളി അക്കാദമിയുടെ അവാർഡ് ജേതാക്കളായ പി.വി. കുഞ്ഞിക്കോരൻ പണിക്കർ, ഭരതൻ പണിക്കർ, ആചാരസ്ഥാനിക രംഗത്ത് അര നൂറ്റാണ്ട് പിന്നിട്ട കപ്പണക്കാൽ കുഞ്ഞിക്കണ്ണൻ ആയത്താർ എന്നിവരെ പാക്കം - കണ്ണംവയൽ പ്രാദേശിക സമിതി ആദരിച്ചു. ക്ഷേത്ര ഭരണസമിതി പ്രസിഡന്റ് ഉദയമംഗലം സുകുമാരൻ ഉദ്ഘാടനം ചെയ്തു.

ബൈക്കുകൾ കൂട്ടിയിടിച്ച് പരിക്കേറ്റ യുവാവ് മരിച്ചു

നീർച്ചാൽ: ബൈക്കുകൾ കൂട്ടിയിടിച്ച് ഗുരുതര നിലയിൽ മംഗളൂരു ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ബേള, ധർബ്ബത്തടുക്കയിലെ തോമസ് ഡിസോജ- മേരി ദമ്പതികളുടെ മകൻ ഫാൻസിസ് ഡിസോജ(45)യാണ് മരിച്ചത്. ഇക്കഴിഞ്ഞ മൂന്നിന് വൈകിട്ട് 7.30ന് നീർച്ചാൽ മീത്തൽ ബസാറിലായിരുന്നു അപകടം. കല്ലുവെട്ട് മേസ്ത്രിയായിരുന്ന ഫ്രാൻസിസ് ഡിസോജ സഞ്ചരിച്ച ബൈക്ക് എതിരെ വന്ന ബൈക്കുമായി കൂട്ടിയിടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിച്ചിരുന്ന ഡിസോജ ഇന്നലെ വൈകിട്ടായിരുന്നു മരണത്തിനു കീഴടങ്ങിയത്. അവിവാഹിതനായിരുന്ന ഇയാൾ വൈകിട്ട് ജോലി കഴിഞ്ഞ് ധർമ്മത്തടുക്കയിലെ വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു അപകടം. അഡ്മിൻ ഡിസോജ, പീറ്റർ ഡിസോജ, റീത്ത, മിലിയാന ക്രാസ്ത എന്നിവർ സഹോദരങ്ങളാണ്. യുവാവിന്റെ മരണം നാട്ടിനെ കണ്ണീരിലാഴ്ത്തിയിട്ടുണ്ട്.

ചാരായം; കേസെടുത്തു

കാസർകോട്: അഞ്ചുലിറ്റർ വാറ്റു ചാരായം കൈവശം വെച്ചു വെന്ന പരാതിയിൽ യുവാവിനെതിരെ കേസെടുത്തു. കാറഡുക്ക, പെരിയടുക്കയിലെ ശിവനെ (28)തിരെയാണ് കാസർകോട് എക്സൈസ് കേസെടുത്തത്. പ്രതി ഓടിരക്ഷപ്പെട്ടതായി എക്സൈസ് അറിയിച്ചു. പ്രിവന്റീവ് ഓഫീസർ സി കെ വി സുരേഷിന്റെ നേതൃത്വത്തിൽ സി ഇ ഒ സന്തോഷ് കുമാർ, ഡ്രൈവർ പ്രവീൺകുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫിസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

Vol -28, Issue No -78 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com